# മുതലാളിത്ത ലോകത്തിന്റെ ഭാവി

മുതലാളിത്ത വിപ്ലവം അരങ്ങേറിയതിന്റെ ഫലമായി വ്യക്തികൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക അസന്തുലിതത്വം അതിഭീകരമാണ്. മനുഷ്യസമൂഹം കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിച്ച മൂല്യങ്ങളുടെ വാണിജ്യവത്കരണം, കമ്പോളവ്യവസ്ഥ ജീവിതത്തിനുമേൽ ഉയർത്തിയ മറ്റൊരു വെല്ലുവിളിയാണ്.

ലേഖനം ● ഫൈസൽ കൊച്ചി

**മൂലധനത്തിന്റെ** പടക്കുതിര രാജ്യാതിർത്തികൾ ഭേദിച്ച്, വിജയപതാക പറപ്പിച്ച് മുന്നേറുകയാണ്. പുതിയലോകത്തിന്റെ ശരീരഭാഷ മുതലാളിത്ത വ്യവസ്ഥയുടെ ജയഭേരി മുഴക്കുന്ന തരത്തിലുള്ളതാണ്. മുതലാളിത്തവ്യവസ്ഥയുടെ കടുത്ത ശത്രുക്കൾ പോലും ആയുധം താഴെ വെച്ച് കീഴടങ്ങുകയാണ്. ഒഴുക്കിനെതിരെ നീന്താനുള്ള ഇഛാശക്തി മനുഷ്യസമൂഹത്തിന് നഷ്ടപ്പെട്ടുപോകുന്നു. ഇനിയൊരു ബദലില്ലെന്നാണ് വർത്തമാനകാലത്തെ പ്രചാരണം. മുതലാളിത്തവ്യവസ്ഥക്ക് ഓശാന പാടുന്ന പാശ്ചാത്യ ഉദാര ജനാധിപത്യ വ്യവസ്ഥയുടെ ആഗോളവ്യാപനത്തിലൂടെ, ചരിത്രം അവസാനിച്ചതായി പ്രഖ്യാപിക്കാൻ ഫ്രാൻസിസ് ഫുക്കുയാമക്ക് ധൈര്യം പകരുന്നത്, മുതലാളിത്തത്തിനെതിരായ പ്രതികരണങ്ങൾ അവസാനിച്ചുവെന്ന ധാരണകളാണ്.

മുതലിന്റെ ആധിപത്യമാണ് മുതലാളിത്തം. സാമ്പത്തിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്, സമ്പത്ത് കുന്നുകൂട്ടണമെന്ന് ദുരാഗ്രഹമുള്ളവരായിരിക്കണമെന്നാണ് മുതലാളിത്തത്തിന്റെ പിതാവായ ആഡംസ്മിത്ത് പഠിപ്പിച്ചത്. വ്യക്തികളുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടാനേ പാടില്ല. അഥവാ ഇടപെടുന്നുണ്ടെങ്കിൽ തന്നെ പണമുള്ളവർക്ക് കൂടുതൽ പണമുണ്ടാക്കുന്നതിന് എളുപ്പവഴി സമ്മാനിക്കുന്ന വിധത്തിലായിരിക്കണം. വ്യക്തികളുടെ കൈയിൽ പണം കുന്നുകൂടുന്നതോടെ സമൂഹവും ക്രമേണ രാഷ്ട്രവും അഭിവൃദ്ധിപ്പെടും. ഇപ്രകാരം മനുഷ്യരെ പണത്തിന് പിന്നാലെ പായുന്നവരാക്കുന്നതിൽ മുതലാളിത്തം വിജയിച്ചു. മനുഷ്യന്റെ അടിസ്ഥാനപരമായ ദൗർബല്യമാണല്ലോ പണത്തോടുള്ള ആർത്തി. ഈ ദൗർബല്യത്തെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഖുർആൻ മരണം എന്ന യാഥാർഥ്യത്തെ കുറിച്ച് മനുഷ്യരെ ഓർമിപ്പിക്കുന്നു. പ്രപഞ്ചത്തിന്റെ ഉടമസ്ഥനായ അല്ലാഹുവിന്റെ പ്രാതിനിധ്യം മാത്രമാണ് മനുഷ്യന് സാമ്പത്തികമേഖലയിൽ നൽകിയിട്ടുള്ളത്. എന്നാൽ പണം മനുഷ്യജീവിതത്തിന്റെ നിലനിൽപിന് അനിവാര്യവുമാണ്. ഇസ്‌ലാമിക സമൂഹത്തിൽ പണമുള്ളവരുടെ സാന്നിധ്യത്തെ ആരും നിരാകരിക്കുന്നില്ല. പണം ഭൗതികജീവിതത്തിന്റെ അലങ്കാരവും സ്വർഗത്തിലേക്കുള്ള പാഥേയവും മൂലധനവുമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു.

## മുതലാളിത്തത്തിന്റെ ദൗർബല്യങ്ങൾ

മനുഷ്യസമൂഹത്തിൽ ആദ്യകാലത്ത് നിലനിന്നിരുന്ന വ്യവസ്ഥ ലഘു ഉൽപാദനവ്യവസ്ഥ എന്നാണ് അറിയപ്പെട്ടിരുന്നത്. സാധനസാമഗ്രികൾ ഉൽപാദിപ്പിച്ചിരുന്നത് അവയുടെ ഉപയോഗമൂല്യം നോക്കിയായിരുന്നു. ഒരു ഉൽപന്നം ഉണ്ടാക്കുകയും അത് കമ്പോളത്തിൽ വിൽപന നടത്തുകയും അതുവഴി ലഭിക്കുന്ന പണം ഉപയോഗിച്ച് മറ്റൊരു ഉൽപന്നം സ്വന്തമാക്കുകയും ചെയ്തു. CMC (Commodity Money Commodity) എന്നസമവാക്യത്തിലാണ് ഇത് അറിയപ്പെടുന്നത്. 'C' എന്നാൽ ഉൽപന്നം (Commodity). 'M' എന്നാൽ പണം (Money). ഈ വ്യവസ്ഥിതിയിൽ ഉൽപാദനം ആരംഭിക്കുന്നതും അവസാനിക്കുന്നതും ഉൽപന്നം കൊണ്ടുതന്നെയാണ്. മനുഷ്യസമൂഹത്തിന് ഗുണകരമായ വ്യവസ്ഥയുമാണ് ഇത്. കാരണം ആത്യന്തിക ലക്ഷ്യം പണമല്ലാത്തതു കൊണ്ട് മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിന് ആവശ്യമായ സാധനങ്ങളും സേവനങ്ങളും മാത്രമാണ് കമ്പോളത്തിൽ ലഭ്യമായിരുന്നത്. വസ്തുക്കളുടെ വിനിമയമൂല്യത്തിനു പകരം ഉപയോഗമൂല്യമാണ് പരിഗണിക്കപ്പെട്ടിരുന്നത്.

സങ്കീർണതകളില്ലാത്ത ഈ ഉൽപാദനവ്യവസ്ഥയെ മുതലാളിത്തം സമർഥമായി മറിച്ചിടുകയും, പണത്തിന് പ്രാധാന്യമുള്ള MCM ( Money Commodity Money) എന്ന മുതലാളിത്ത ഉൽപാദനവ്യവസ്ഥ രൂപപ്പെടുത്തുകയും ചെയ്തു. ഈ വ്യവസ്ഥയിൽ ഉൽപാദനം ആരംഭിക്കുന്നതും അവസാനിക്കുന്നതും പണത്തിലാണ്. പണം നേടാനുള്ള മാധ്യമം മാത്രമാണ് ഉൽപന്നം. സാധനങ്ങളുടെയും സേവനങ്ങളുടെയും

ഉപയോഗമൂല്യത്തേക്കാൾ അവ കമ്പോളത്തിൽ വിറ്റഴിക്കാനുള്ള സാധ്യതയിലാണ് മുതലാളിത്തതിന്റെ ശ്രദ്ധ. പണമുണ്ടാക്കുന്നതിനുള്ള തന്ത്രങ്ങളും കുതന്ത്രങ്ങളുമായിരിക്കും ഉൽപാദകന്റെ മൂല്യവ്യവസ്ഥ. ഖാറൂനെ കണ്ടപ്പോൾ വിവരമില്ലാത്ത ജനങ്ങൾ പറഞ്ഞതായി ഖുർആൻ നൽകുന്ന സൂചന ശ്രദ്ധേയമാണ്. 'ഖാറൂന് നൽകിയതു പോലെ സമ്പത്ത് ഞങ്ങൾക്ക് നൽകിയില്ലല്ലോ' എന്ന് വിലപിക്കുകയായിരുന്നു അവർ. ഒന്നുകിൽ പണമുണ്ടാക്കുക, അല്ലെങ്കിൽ പണമുള്ളവരോട് കൊതിയുണ്ടാക്കുക. ഇതാണ് ആർത്തിപൂണ്ട സാമ്പത്തിക വ്യവസ്ഥയുടെ ഇന്നത്തെയും അന്നത്തെയും അടിസ്ഥാനം. സൂറത്തുൽ *കഹ്ഫി*ലെ തോട്ടക്കാരന്റെ കാഴ്ച്ചപ്പാട് തന്നെയാണ് മുതലാളിത്ത ഉൽപാദനവ്യവസ്ഥയിൽ ഏർപ്പെടുന്നവരുടെ മുദ്രാവാക്യങ്ങൾ. അതിൽ പ്രധാനം സമ്പത്തിന്റെ യഥാർഥ ഉടമസ്ഥൻ താനാണെന്ന ഭാവമാണ്. തന്റെ വ്യക്തിപരമായ കഴിവുകൾ കൊണ്ടാണ് ഇവയത്രയും ഉണ്ടാക്കിയതെന്നും ഇവയൊന്നും ഒരിക്കലും നശിച്ചു പോകുന്നതല്ലെന്നും തോട്ടക്കാരൻ അഹങ്കരിക്കുന്നുണ്ട്. ഈ ചിന്താഗതി കമ്പോളത്തിലേക്കും ഉൽപാദകനിലേക്കും സന്നിവേശിപ്പിക്കുകയാണ് മുതലാളിത്തം ചെയ്തത്.

മുതലാളിത്തത്തിന്റെ പ്രധാന സംവിധാനങ്ങളിലൊന്നാണ് പലിശ. അതിരുകവിഞ്ഞ മനുഷ്യന്റെ ആഗ്രഹങ്ങളാണ് പലിശയിലേക്ക് നയിക്കുന്നത്. സാമ്പത്തികശാസ്ത്രം ആഗ്രഹങ്ങളെ താഴെ പറയുന്ന രീതിയിൽ വിശകലനം ചെയ്തിട്ടുണ്ട്.

1. ആഗ്രഹങ്ങൾ അതിരുകവിഞ്ഞതാണ്.
2. ആഗ്രഹങ്ങൾക്ക് യാതൊരു അവസാനവുമില്ല. ഒരു ആഗ്രഹം പൂർത്തീകരിച്ചുകഴിഞ്ഞ് അടുത്ത നിമിഷം തന്നെ മറ്റൊരു ആഗ്രഹം ജന്മമെടുക്കുകയായി.
3.അതിരില്ലാത്തതും അനന്തവുമായ ആഗ്രഹങ്ങളെ ശമിപ്പിക്കുന്നതിനാവശ്യമായ വിഭവങ്ങളാവട്ടെ വളരെ പരിമിതമാണ്.

കുറഞ്ഞ വിഭവങ്ങളുള്ളവർക്ക് അതിരുകവിഞ്ഞ ആഗ്രഹങ്ങൾ നിവർത്തിപ്പാനുള്ള പ്രധാന ഉപാധിയാണ് പലിശാധിഷ്ഠിത വായ്പകൾ. ഇവ പിന്നീട് ഉൽപാദനമേഖലയിലും കടന്നുവന്നു. സാമ്പത്തികശാസ്ത്രമനുസരിച്ച് നാല് ഉൽപാദനഘടകങ്ങളാണുള്ളത്; ഭൂമി, തൊഴിലാളി, മൂലധനം, സംരംഭകൻ. ഈ ഉൽപാദനഘടകങ്ങൾക്ക് യഥാക്രമം പാട്ടം, കൂലി, പലിശ, ലാഭം എന്നിങ്ങനെ പ്രതിഫലങ്ങൾ ലഭിക്കുകയും ചെയ്യുന്നു. ഇവയിൽ മൂലധനത്തിന് ലഭിക്കുന്ന പലിശയൊഴിച്ച് ബാക്കിയൊന്നിനോടും ഇസ്‌ലാം വിയോജിക്കുന്നില്ല. ഉൽപാദനവ്യവസ്ഥയിൽ മൂലധനം വഹിക്കുന്ന പങ്ക് ഇസ്‌ലാമിക സാമ്പത്തികശാസ്ത്രം നിരാകരിക്കുന്നില്ല. മൂലധനത്തിന്റെ ഉടമസ്ഥനും സംരംഭകനും ലാഭനഷ്ടങ്ങൾ പങ്കുവെക്കുന്ന രീതിയാണ് ഇസ്‌ലാമിക ധനശാസ്ത്രം മുന്നോട്ടുവെക്കുന്നത്. അല്ലാഹു കച്ചവടം അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തുവെന്ന ഖുർആൻ സൂക്തം ചിന്തോദ്ദീപകമാണ്. പലിശക്ക് പ്രാമുഖ്യം നൽകുന്ന മുതലാളിത്തവ്യവസ്ഥയെ ചോദ്യം ചെയ്ത് പുതിയലോകത്തിന് ബദലാവുകയാണ് ഇസ്‌ലാമികധനശാസ്ത്രം.

മുതലാളിത്ത വിപ്ലവം അരങ്ങേറിയതിന്റെ ഫലമായി വ്യക്തികൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക അസന്തുലിതത്വം അതിഭീകരമാണ്. മനുഷ്യസമൂഹം കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിച്ച മൂല്യങ്ങളുടെ വാണിജ്യവത്കരണം, കമ്പോളവ്യവസ്ഥ ജീവിതത്തിനുമേൽ ഉയർത്തിയ മറ്റൊരു വെല്ലുവിളിയാണ്. അനിയന്ത്രിതമായ വാണിജ്യവത്കരണമാകട്ടെ, ഉപഭോഗസംസ്കാരത്തിന്ന് അടിപ്പെട്ട ഒരു യാന്ത്രിക സമൂഹത്തെയാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ധാർമികതയുടെ സ്വാധീനമില്ലാത്ത ശാസ്ത്രസാങ്കേതിക മേഖലയുടെ വികാസം, പരിസ്ഥിതിക്കും മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനും വലിയ ഭീഷണിയാണ്.

## മുതലാളിത്തലോകത്തിന്റെ ഭാവി

ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യർക്ക് ദുരന്തം സമ്മാനിക്കുന്ന ഇന്നത്തെ ലോകസാഹചര്യം ഇതേപടി നിലനിൽക്കുമെന്ന് കരുതേണ്ടതില്ല. ലോകചരിത്രത്തിലെ അതിഭീകരമായ ദുർദശയായി മൂലധനത്തിന്റെ പടയോട്ടക്കാലം രേഖപ്പെടുത്തപ്പെടും. തികച്ചും പ്രകൃതിവിരുദ്ധവും മനുഷ്യവിരുദ്ധവുമായ, ദുർബല അസ്തിവാരങ്ങളിൽ കെട്ടിപ്പടുക്കപ്പെട്ട മുതലാളിത്തസൗധവും തകർന്നുവീഴാനുള്ളതാണ്.

മുതലാളിത്ത സമൂഹത്തിനു കീഴിൽ മനുഷ്യൻ അനുഭവിക്കാൻ പോകുന്ന വെല്ലുവിളികളെക്കുറിച്ച് ഡബ്ല്യു. വാറൻ വേഗർ (W. Warren Wagger), 'ഭാവിയെ സംബന്ധിച്ച് ഒരു ലഘുചരിത്രം' എന്ന പുസ്തകത്തിൽ നടത്തുന്ന നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. 2015-മാണ്ടോടുകൂടി ലോകസാമ്പത്തികശക്തിയുടെ സിംഹഭാഗവും കൈയടക്കുന്ന ചില ആഗോള കോർപ്പറേഷനുകൾ ലോകമുതലാളിത്ത രാജ്യങ്ങളെ തന്നെ നിയന്ത്രിക്കുന്ന സ്ഥിതിവിശേഷമുണ്ടാകുമെന്ന് വേഗർ അഭിപ്രായപ്പെടുന്നു. "ഓസോൺ പാളികളിലെ വിള്ളൽ, മണ്ണൊലിപ്പ് എന്നിവ രൂക്ഷമാകുന്നതോടെ ഭൂമിയിൽ ചൂട് വർധിക്കുകയും ജനജീവിതം ദുഷ്കരമാവുകയും ചെയ്യും. കൊടിയ ദാരിദ്ര്യം, നഗര അസ്വസ്ഥതകൾ, കുറ്റകൃത്യങ്ങൾ എന്നിവയാൽ മനുഷ്യസമൂഹം പരീക്ഷിക്കപ്പെടും. ഈ പ്രയാസങ്ങൾ മറികടക്കാൻ ലോകപാർട്ടി എന്ന പേരിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപം കൊള്ളും. ഈ ലോകപാർട്ടിയുടെ ലക്ഷ്യം മുതലാളിത്തം, ലൈംഗികത, വംശീയപക്ഷപാതിത്വം എന്നിവക്കെതിരെ പൊരുതുക എന്നതായിരിക്കും. വസ്തുക്കൾക്ക് ഉപയോഗമൂല്യമനുസരിച്ച് ഉൽപാദനം നടക്കുന്ന രീതി രൂപപ്പെടും. തൊഴിലാളികൾക്ക് അവരുടെ ജോലിക്കനുസരിച്ച് പ്രതിഫലം നൽകുകയും തൊഴിലില്ലാത്തവർക്ക് ആശ്വാസ വേതനം ലഭ്യമാവുകയും ചെയ്യുന്ന സംവിധാനം രൂപപ്പെടും. വർഗ വ്യവസ്ഥ നാശമടയുകയും ദേശീയ അതിർത്തികളുടെ പ്രസക്തി നഷ്ടമാവുകയും ചെയ്യും."

2050 മുതൽ മുതലാളിത്തസമൂഹം ദുർബലമാവുകയും 2100-ഓടു കൂടി മുതലാളിത്ത ഘടനക്ക് തിരശ്ശീല വീഴുകയും ചെയ്യുമെന്നാണ് വേഗർ അഭിപ്രായപ്പെടുന്നത്. വേഗർ നിരീക്ഷിച്ച പ്രത്യാഘാതങ്ങൾ പുലരുന്ന ലോകസാഹചര്യമാണ് നിലനിൽക്കുന്നത്. മുതലാളിത്തത്തിനു ശേഷം വീണ്ടും സോഷ്യലിസം അധികാരത്തിലെത്തുമെന്നാണ് ഗ്രന്ഥകാരൻ സ്വപ്നം കാണുന്നതെങ്കിലും, പുതിയ ലോകത്തെക്കുറിച്ച അദ്ദേഹത്തിന്റെ ധാരണകൾ ഒരു സോഷ്യലിസ്റ്റ് സമൂഹവുമായി ചേർന്നു പോകുന്നില്ല. സോഷ്യലിസ്റ്റുകൾ തന്നെ, തങ്ങൾ മുതലാളിത്തത്തെ അതിജയിക്കുമെന്ന പ്രതീക്ഷ ഉപേക്ഷിച്ച സാഹചര്യത്തിൽ വിശേഷിച്ചും. മുതലാളിത്തം തകരാനുള്ളതാണെന്നും മറ്റൊരു ലോകം തീർച്ചയായും സാധ്യമാണെന്നുമാണ് വേഗർ നൽകുന്ന പാഠം. മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും ദൗർബല്യങ്ങളിൽനിന്ന് മുക്തമായ ഒരു ദർശനമാണ് ലോകത്തിനാവശ്യമെന്ന് വേഗറുടെ വരികൾക്കിടയിലൂടെ വായിക്കാനാകും. ■